# *തിരഞ്ഞെടുപ്പ്*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* **D.Sc.,Ph.D.***)*

**ഗിരിജ വല്ലഭനെത്തേടി**
**പത്രപരസ്യ പട്ടിക തീർത്തു:**
**വന്നതോ,**
**സാക്ഷാൽ ഗിരിജാവല്ലഭൻ.**
**മുഹൂർത്തദിനം ഓർത്തവൾ –**
**ഗിരിജാ ഗിരിജാവല്ലഭൻ –**
**ആവർത്തന വിരസതയുടെ**
**പൗനരുക്ത്യദോഷം കളയാൻ**
**പരിപാടിയിലെ പച്ചവരയിട്ട**
**അടുത്ത ഇനം നോക്കി.**

**രമ കാന്തനെത്തേടി**
**രമാകാന്തനെ കണ്ടെത്തിയ**
**കഥയുടെ പരിണാമഗുപ്തിയും**
**തദൈവ!**

**ഇന്ദുമുഖിക്കു പെണ്ണുകാണാൻ**
**പൊണ്ണത്തടിയൻ സൂര്യ**
**ചുറ്റമ്പലം ചൂഴ്ന്നു ചെന്നതും**
**ഗ്രഹണം ഭയന്നവനെത്തഴഞ്ഞതും**
**മായാത്ത സ്ലേറ്റിൽ പുരാവൃത്തം;**

**ചന്ദ്രികപ്പെണ്ണിനെ കാണാൻ വന്നത്**
**ചന്ദ്രനെന്ന രണ്ടാം തേജസ്വി:**
**ചന്ദ്രികാചന്ദ്രനിലെ പ്രാസദോഷം**
**ചവർപ്പെന്നോർത്തു ഭയന്ന്**
**ചുരുക്കിയ കഥ ചുരുളാക്കി പെണ്ണാൾ;**

**അതിനാൽ,**
**വൻ ജനാധിപത്യ സാരഥിയറിക:**

നക്ഷത്ര വെള്ളച്ചുമപ്പുനീലിമ
പതാകമുദ്രയാക്കും ദേശം
പേരുദോഷമകറ്റി, തുമ്പിതുള്ളി,
പേരുമാറ്റോത്സവപ്പന്തലിൽ
സുഖശയന പ്രദക്ഷിണം നടത്താൻ
ഫെഡറൽ റെജിസ്റ്ററിലെ
താളുകൾ സുകരമാക്കി
തുറന്നു വെച്ചിരിക്കുന്നതു
മനക്കണ്ണിൽ കാണുക!

ജാതക,യോനിപ്പൊരുത്തദോഷങ്ങൾ
വാക്യദോഷങ്ങളായ്
ദുർവ്യാഖ്യാനഭാഷ്യം
ചമയാത്തതിനാൽ
ഏറെ കല്യാണഘോഷങ്ങൾക്കു
അമരകോശത്തണലിൽ
ഭാവുകം! ഭവികം!! ഭവ്യം!!!
******************************************